(ഡി) പ്രസ്തുത നടപടി കർഷകർക്ക് എത്രത്തോളം ഉപകാരപ്രദമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് റബ്ബർ വിലയിടിവ് കാരണം കടക്കെണിയിലായി റബ്ബർ കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി&ഡി) ഉണ്ട്. സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ 25-2-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 56/2014/കൃഷി ഉത്തരവ് പ്രകാരം റബ്ബർ സംഭരണം ആരംഭിച്ചിരുന്നു. കൂടാതെ റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി 2015-16-ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം നടപ്പാക്കുന്ന "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി" പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. സംസ്ഥാനത്തെ ശരാശരി റബ്ബർ ഉൽപ്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ അപേക്ഷകനും ഒരു വർഷം ഹെക്ടർ ഒന്നിന് 1800 കിലോഗ്രാം എന്ന് പരിമിതപ്പെടുത്തിയാണ് സാമ്പത്തിക സഹായം നൽകുന്നത്. 5 ഹെക്ടറിൽ കവിയാത്ത കൃഷി ഭൂമിയുള്ള റബ്ബർ കർഷകർക്ക് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ സാമ്പത്തിക സഹായം ഒരു കർഷകന് 2 ഹെക്ടർ റബ്ബർ കൃഷിക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ RSS-IV, RSS-V ലാറ്റക്സ് എന്നിവയ്ക്ക് സബ്സിഡി നൽകുന്നുണ്ട്.

റബ്ബറിന്റെ വിലയിടിവുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ നടപടികൾ സഹായകരമായിട്ടുണ്ട്.

കാർഷിക വിപണന കേന്ദ്രങ്ങൾ

197 (1572) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത സേവന വിതരണത്തിന്റെ ഭാഗമായി, തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്ര സഹായത്തോടെ കാർഷിക വിപണന കേന്ദ്രങ്ങൾ (Malls) സ്ഥാപിക്കുന്നതാണ് എന്ന 2014-15-ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം സ്ഥാപനങ്ങളിലാണ് കാർഷിക വിപണന മാളുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്ത് തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്; അതിൽ ചെലവഴിക്കപ്പെട്ട തുക എത്ര; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ പ്രസക്തമല്ല.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി അഞ്ച് കോടി രൂപയാണ് 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. എന്നാൽ മുൻഗണനാക്രമത്തിൽ പദ്ധതികൾ പുനഃക്രമീകരിക്കപ്പെട്ടപ്പോൾ ഈ പദ്ധതിക്കായി തുക ലഭ്യമായില്ല. തിരുവനന്തപുരം ജില്ലയിൽ ആനയറയിലെ കാർഷിക മൊത്ത വ്യാപാര വിപണിയിൽ ഒരു അഗ്രിമാൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആർ.ഐ.ഡി.എഫ്. ഫണ്ടിനുവേണ്ടി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യ വികസനം

198 (1573) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പോളച്ചിറ ഏലായിൽ നബാർഡ് പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസന ആവശ്യത്തിലേക്കായി എത്ര രൂപയുടെ ഭരണാനുമതി എന്ന് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രാവർത്തികമാക്കുവാൻ വിഭാവന ചെയ്തിരുന്നതെന്നും, അതിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്നും അറിയിക്കുമോ;

(സി) ഈ പദ്ധതി പൂർത്തീകരിക്കുവാൻ നൽകിയിരുന്ന തീയതി എന്നാണ്; കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) ശേഷിക്കുന്ന നിർമ്മാണ ജോലികൾ എന്തൊക്കെയാണെന്നും, ആയത് എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ഇ) നിർമ്മാണ ജോലികൾ പൂർത്തീകരിച്ച വകയിൽ എത്ര രൂപ സമിതിയ്ക്ക് നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly